**പ്രസിദ്ധീകരണത്തിന്**

സ്നേഹമെന്ന വജ്രായുധമുപയോഗിച്ചും മറ്റു പ്രലോഭനങ്ങൾ ഉപയോഗിച്ചും പെൺകുട്ടികളെ വലയിൽവീഴ്ത്തി നിർബന്ധിതമതപരിവർത്തനം ചെയ്യുന്ന ഭീകരവാദപ്രവർത്തനം നാട്ടിൽ പലയിടത്തും നടന്നുവരുന്നു എന്നത് ഏറെ ആശങ്കാജനകമാണ്.

മനുഷ്യരാശിക്കുതന്നെ സഹിക്കാനും പൊറുക്കാനും വയ്യാത്ത, രാജ്യദ്രോഹപരമായ ഇത്തരം പ്രവർത്തനം നടത്തുന്നവരെ കണ്ടുപിടിച്ച് അവരെ അമർച്ച ചെയ്യേണ്ട ബാദ്ധ്യതയും കടമയും കേന്ദ്ര - സംസ്ഥാനസർക്കാരുകൾക്കുണ്ട്.

ഇത്തരം പ്രവർത്തനങ്ങൾക്ക് ഏതെങ്കിലും മതത്തിന്റെയോ സമുദായത്തിന്റെയോ പരിവേഷം നല്കുന്നത് ശരിയുമല്ല.

ഇത്തരം നടപടികൾക്കു വശംവദരാകാതിരിക്കാൻ ജനങ്ങളും ബന്ധപ്പെട്ട സമുദായ സംഘടനകളും ആവശ്യമായ മുൻകരുതലുകളും പ്രചരണങ്ങളും നടത്തേണ്ടതുണ്ട്.

മതവിദ്വേഷവും വിഭാഗീയതയും വളർത്തി രാജ്യത്തെ അപകടത്തിലേക്കു നയിക്കുന്ന ഇത്തരം പ്രവണതകളെ തൂത്തെറിയാൻ ജാതിമതഭേദമെന്യെ കൂട്ടായി പരിശ്രമിക്കുകയും വേണം.

പെരുന്ന
13.09.2021

ജി. സുകുമാരൻനായർ
ജനറൽ സെക്രട്ടറി
നായർ സർവീസ് സൊസൈറ്റി